(ഡി) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി കായംകുളം സർക്കാർ ആശുപത്രിയുടെ ഭരണചുമതല കായംകുളം മുനിസിപ്പാലിറ്റിക്ക് കൈമാറ്റം ചെയ്തിട്ടുള്ളതാണ്. ഇത്തരം സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവൃത്തികൾ സർക്കാരിന് ഏറ്റെടുത്ത് നടത്തുവാൻ സാധിക്കുകയില്ല.

ചീമേനിയിലെ തുറന്ന ജയിലിനോടനുബന്ധിച്ച് ആശുപത്രി

149(891)ശ്രീ. കെ.പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ചീമേനിയിൽ പ്രവർത്തനം ആരംഭിക്കുന്ന തുറന്ന ജയിലിനോടനുബന്ധിച്ച് ഒരു ആശുപത്രി അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദവിവരം അറിയിക്കുമോ?

ഉത്തരം

ഇത്തരമൊരു ആവശ്യം ജയിൽ അധികൃതരിൽ നിന്നും ആരോഗ്യ വകുപ്പിന് ലഭിച്ചിട്ടില്ല.

കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ സ്റ്റോറിൽ നിന്ന് സാധനങ്ങൾ കാണാതായ സംഭവം

150(892)ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ സ്റ്റോറിൽ നിന്ന് എത്ര തവണ സാധനങ്ങൾ കാണാതായിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(ബി) ഇവിടെ നിന്ന് എന്തെല്ലാം സാധനങ്ങളാണ് കാണാതായതെന്ന് വ്യക്തമാക്കുമോ;

(സി) സ്റ്റോറിൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോ; എങ്കിൽ ബന്ധപ്പെട്ട അധികാരികൾ എത്ര തവണ ഈ കാലയളവിൽ സ്റ്റോക്ക് പരിശോധന നടത്തിയെന്ന് വിശദമാക്കുമോ;

(ഡി) ഇതു സംബന്ധിച്ച് ആരുടെയെല്ലാം പേരിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) രണ്ടു തവണ.

(ബി) 1. മുറിവ് തയ്ക്കാനുള്ള നൂല്.

2. പെത്തിഡിൻ ഇൻജക്ഷൻ

3. എക്സ്റേ ഫിലിമുകൾ

(സി) സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. എത്ര തവണ സ്റ്റോക്ക് പരിശോധന നടത്തിയെന്നുള്ളതിന്റെ വിവരം ഉടൻ ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly